

*മാതൃഭൂമി, 1948 ജൂൺ 13.*

# സർ. സി.പിയുമായുള്ള പരിചയം

സർ. സി.പിയുടെ ചെറുപ്പം മുതൽതന്നെ പരിചയം ആണെന്നും ഇടയ്ക്കിടയ്ക്കൊക്കെ സർ. സി.പി. സ്വാമിയെ സന്ദർശിക്കാറുണ്ടെന്നും പറയുന്നു. ഒരു അജ്ഞാത പുരുഷന്റെ കയ്യിൽനിന്നും വെട്ടേല്ക്കയും സ്ഥാന ച്യുതി സംഭവിക്കുകയും ചെയ്യുമെന്നും വിദേശഗമനമുണ്ടാകുമെന്നും സർ. സി.പിയോട് അഞ്ച് കൊല്ലം മുമ്പ് തന്നെ പറഞ്ഞിട്ടുണ്ടെന്നാണ് ഇദ്ദേഹം പറയുന്നത്. തിരുവിതാംകൂറിൽ ഉയർന്ന നിലയിൽ കഴിയുന്ന പല കുടുംബങ്ങളിലും പ്രഭാകരസിദ്ധയോഗിയെ ഒരു പരദൈവമായി പൂജിച്ചുവരുന്നുണ്ടെന്നും സമുദായക്കുറുപ്പിന്റെ കുടുംബത്തിൽ 3 തലമുറകളായിട്ടെങ്കിലും ഇദ്ദേഹത്തെ പൂജിച്ചുവരുന്നുണ്ടെന്നും മഹാകവി പള്ളത്ത് ഈ ലേഖകന് ഉറപ്പ് തരുന്നു. അടുത്ത ദിവസം അമ്പലപ്പുഴ അസി. ദേവസ്വം കമ്മീഷണർ ശ്രീ ശങ്കരൻപോറ്റിയൊരുമിച്ചു ഇദ്ദേഹത്തെ മഹാകവി പള്ളത്തുരാമൻ കാണുകയും ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരികയും ചെയ്തതാണ്.

വെസ്റ്റ് കോസ്റ്റ് മോട്ടോർ സിൻഡിക്കേറ്റ് കമ്പനിയിൽനിന്നും ഒരു ശാശ്വത ബസ് ടിക്കറ്റു ഇദ്ദേഹത്തിന് കൊടുത്തിട്ടുണ്ട്.

ഐക്യകേരള കൺവൻഷനിൽ ഇദ്ദേഹം സന്നിഹിതനായിരുന്നു

എന്നും ചങ്ങനാശ്ശേരിയിൽനിന്നും വന്ന ഒരു പ്രതിനിധി (ക്രിസ്ത്യനാണ്, പേര് നിശ്ചയമില്ല എന്നാണ് പറഞ്ഞത്) യൊരുമിച്ചാണ് താമസിച്ചതെന്നും പറയുന്നു. ഇങ്ങനെ വളരെ പറയുവാനുണ്ട്, വിസ്താരഭയത്താൽ ചുരുക്കുന്നു.

കുറച്ചുകാലത്തെ ദാമ്പത്യജീവിതംകൊണ്ട് യോഗശക്തി വളരെ കുറഞ്ഞുവെന്നും അത് വീണ്ടെടുക്കുവാൻ അനേക വർഷത്തെ പരിശ്രമം വേണ്ടിവന്നു എന്നും പറഞ്ഞത് വിട്ടുകളയാൻ പാടുള്ളതല്ല.



അകവൂർ മനയ്ക്കൽ നിന്നും അഞ്ചാറ് നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു നമ്പൂതിരി 'പരദേശം ഗമിച്ചതായി' ഐതിഹ്യമുണ്ട്.

പത്തുപതിനഞ്ച് കൊല്ലങ്ങൾക്ക് മുമ്പ് മട്ടാഞ്ചേരിയിൽ ഒരു 'പായൽ മനുഷ്യനെ' കണ്ടുകിട്ടിയതും പോലീസ് ചോദ്യം ചെയ്തുവിട്ടതും ഈ ലേഖകനറിവുള്ളതാണ്.

രണ്ട് പച്ചമരുന്നുകളെക്കുറിച്ച് പ്രഭാകര സിദ്ധയോഗി പറയുകയുണ്ടായി. വിവരമുള്ളവരുടെ അഭിപ്രായം അറിയുവാൻവേണ്ടി അതും ഇവിടെ കൊടുക്കുന്നു.

'ഉടൽ കായപച്ച' ചതച്ചെടുത്ത നീരു ശരീരത്തിൽ പുരട്ടിയാൽ അന്യർ കാണാതെ സഞ്ചരിക്കാം. ഈ നാട്ടിൽ ഈ മരുന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും പറഞ്ഞു.

'വെള്ളിച്ചാമരപ്പാല'യുടെ പാൽ എടുത്തു സേവിക്കുന്നവന് ഭൂഗർഭത്തിലുള്ള നിധികളും മറ്റും കാണുവാൻ സാധിക്കും. ഈ മരുന്നു നാഗർകോവിൽ 'മുക്കുന്നു' എന്ന മലമ്പ്രദേശത്തിൽ ഒരു തടാകത്തിന്നരികിൽ നിൽപ്പുണ്ടായിരുന്നു. അവിടം യുദ്ധകാലത്ത് പട്ടാളസങ്കേതമാക്കിയപ്പോൾ അത് വെട്ടിക്കളഞ്ഞോ എന്നു നിശ്ചയമില്ല.

ഒന്നുരണ്ട് ഫോട്ടോ എടുക്കുവാനും പ്രഭാകര സിദ്ധയോഗി ലേഖകനെ സദയം അനുവദിക്കയും മൂന്നുതരം യോഗാസനങ്ങളിൽ ഇരുന്ന് തരികയും ചെയ്തു.

ഇദ്ദേഹത്തെ ഇപ്പോൾ മട്ടാഞ്ചേരി പോലീസ് കസ്റ്റഡിയിൽവെച്ച് അന്വേഷണം നടത്തുകയാണെന്ന് ഇന്ന് കമ്പി അടിച്ചിരുന്നല്ലോ. അന്വേഷണങ്ങളുടെ ഫലം ഏറ്റവും ഔത്സുക്യത്തോടുകൂടി കാത്തിരിക്കയാണ്.

(സ്വന്തം ലേഖകൻ.)